**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4914** **20-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ തീർത്ഥാടന ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീർത്ഥാടന ടൂറിസം പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | കാസറഗോഡ് ജില്ലയിൽ ഉള്ള തീർത്ഥാടന ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടെ ഉള്ള എല്ലാ കേന്ദ്രങ്ങളെയും കോർത്തിണക്കി കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജ് (KDP) മുഖേന ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു . |
| (ബി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ ടൂറിസം മേഖലയിൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കെ ഡി പി പദ്ധതി പ്രകാരം ഉള്ള പ്രസ്തുത പദ്ധതി പൂർത്തിയായാൽ കാസർഗോഡ് ജില്ലയിൽ ഉള്ള എല്ലാ ടൂറിസം കേന്ദ്രങ്ങളിലേക്കും സഞ്ചാരികൾക്ക് സുഗമമായി എത്തി ചേരുന്നതിനും ആസ്വദിക്കുന്നതിനും ഉള്ള സൗകര്യം ഒരുങ്ങുന്നതാണ് . ആയതിന് സൗകര്യം ഒരുക്കുന്ന sign ബോർഡുകൾ , താമസ സൗകര്യങ്ങൾ, ശുചി മുറികൾ, മാർഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വെബ് സൈറ്റ് എന്നിവ ടി പദ്ധതിയുടെ ഘടകങ്ങൾ ആക്കുന്നത് പരിഗണിക്കുന്നുണ്ട് . |
| (സി) | ഈ പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ